**മധുരമായ കുട്ടികളേ, അച്ഛൻ, ടീച്ചർ, സദ്ഗുരു–മൂന്നും തന്നെ വളരെ പ്രിയപ്പെട്ടതാണ്, മൂന്നും ഒരാൾ തന്നെയാണ്, അതുകൊണ്ട് ഓർമ്മിക്കുന്നതും വളരെ സഹജമായിരിക്കേണ്ടതാണ്.**

**ചോദ്യം:** ഈ കലിയുഗത്തിൽ ആരാണ് സദാ യുവാവായിരിക്കുന്നത്? എങ്ങിനെ?
**ഉത്തരം:** ഇവിടെ രാവണൻ (വികാരങ്ങൾ) സദാ യുവാവായിരിക്കുന്നു. മനുഷ്യർക്ക് വയസ്സായാലും അവരിൽ ഉള്ള വികാരങ്ങൾ, ക്രോധം ഇവക്ക് ഒരിക്കലും വയസ്സാകുന്നില്ല. മരിക്കുന്നത് വരെയും വികാരങ്ങളുടെ ആശ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ബാബ പറയുകയാണ് – കാമം മഹാ ശത്രുവാണ്, എന്നാൽ മനുഷ്യരുടെ പരമ മിത്രമാണ്, അതുകൊണ്ട് അന്യോന്യം ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

**ഗീതം:** ഞാനൊരു പിഞ്ചു പൈതലാണേ . . . . . . .

**ഓം ശാന്തി.** കുട്ടികൾ ബാബയെ ഓർമ്മിക്കുകയാണ്. മനസ്സിലാക്കുകയാണ് നമ്മളിപ്പോൾ മായ അഥവാ ബലവാനായ രാവണന്റെ ചങ്ങലയിൽ കുടങ്ങിക്കിടക്കുകയാണ്. ബാബ പറയുകയാണ് ഇതിൽ നിന്ന് മോചിപ്പിക്കുന്നവൻ ശക്തിശാലിയാണ്. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുകയാണ് നാം ആത്മാക്കൾ ബലഹീനരാണ്. രാവണൻ ബലഹീനരാക്കിയിരിക്കുകയാണ്. ഈ ജ്ഞാനം ഒരു മനുഷ്യരിലുമില്ല. ബാബയിരുന്ന് കുട്ടികൾക്ക് ജ്ഞാനം നൽകുകയാണ്. നിങ്ങളെത്ര സർവ്വശക്തിവാൻ, വിശ്വത്തിന്റെ അധികാരികളായിരുന്നു. ഇപ്പോൾ എത്ര നിർധനരും ദുർബലരുമായിരിക്കുകയാണ്. അതുകൊണ്ടാണ് എല്ലാവരും വിളിക്കുന്നത് – അല്ലയോ പരമപിതാ പരമാത്മാവേ, വന്ന് ഞങ്ങളെ ഈ രാവണന്റെ ചങ്ങലയിൽ നിന്ന് മോചിപ്പിക്കൂ, അല്ലയോ പതിത പാവനാ, വരൂ. അദ്ദേഹം തന്നെയാണ് പതിതരെ പാവനമാക്കി മാറ്റുന്നത്. ഈ സമയത്ത് രാവണ രാജ്യമാണ്, സ്വർഗ്ഗത്തിനെ രാമരാജ്യമെന്നും നരകത്തിനെ രാവണ രാജ്യമെന്നും പറയപ്പെടുന്നു. രാവണനും ബലവാനാണ്, രാമനും ബലവാനാണ്, എന്തുകൊണ്ടെന്നാൽ രണ്ടുപേരും പകുതി – പകുതി കല്പം രാജ്യം ഭരിക്കുന്നു. മനഷ്യരെല്ലാവരും പതിതരാണ്. നിങ്ങളും മുമ്പെ പതിതരായിരുന്നു, ഇപ്പോൾ പതിത പാവനൻ വന്ന് നിങ്ങൾക്ക് പാവനമായി മാറ്റാനുള്ള ജ്ഞാനം നൽകിക്കൊണ്ടിരിക്കുകയാണ് – യോഗവും ജ്ഞാനവും. ആദ്യമായി ബാബയോടൊപ്പം യോഗം വേണം. ഈ ലോകത്തിൽ അച്ഛൻ, ടീച്ചർ, ഗുരു എല്ലാം വേറെ–വേറെയാണ്. ഓർമ്മിക്കേണ്ടിയിരിക്കുന്നു, ഇന്ന ടീച്ചർ എന്നെ പഠിപ്പിക്കുകയാണ്. നിങ്ങൾ മൂന്നു സംബന്ധങ്ങളിലും ഒരാളെയാണ് ഓർമ്മിക്കുന്നത്. മൂന്നുപേരുടെയും പേര് ഒരേയൊരു ശിവനെന്നാണ്. പരമ പ്രിയനായ പരമപിതാവും, പരമ പ്രിയനായ ടീച്ചറും, പരമ പ്രിയനായ സദ്ഗുരുവും ഒന്ന് തന്നെയാണ്. മനുഷ്യരാണെങ്കിൽ ടീച്ചറെ വേറെ, ഗുരുവിനെ വേറെ, അച്ഛനെ വേറെ ഓർമ്മിക്കും. അവരുടെ പേരും രൂപവും വേറെ വേറെയാണ്. ഇവിടെ മൂന്നു പേരുടെ പേരും രൂപവും ഒന്നുതന്നെയാണ് ബുദ്ധിയിൽ വരുന്നത്. രൂപത്തിൽ നിരാകാരനാണ്, പേര് ശിവനെന്നാണ്. ബുദ്ധിയിൽ ഒരാളാണ് ഓർമ്മയിൽ വരുന്നത്. ശിവബാബ പറയുകയാണ് – ഞാൻ വരുന്നത് നിങ്ങൾ കുട്ടികളെ ഈ മൃത്യുലോകത്തിൽ നിന്നും കൊണ്ടുപോകാനാണ്, അതിന്റെ അടയാളവും നിങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ബലവാനായി മാറുന്നതിൽ മായ വളരെയധികം നേരിടുന്നു, വിഘ്നങ്ങൾ കൊണ്ടുവരുന്നു. നിങ്ങൾക്ക് വളരെയധികം മുറിവേൽക്കുന്നു. മായ ഇടക്ക് വളരെ ശക്തിയിൽ അടിക്കുന്നു, ഇടക്ക് പതുക്കെയും. ഇത്രയും ശക്തിയിൽ അടിക്കുന്നു, അതിന്റെ ഫലമായി വികാരത്തിലും വീണുപോകുന്നു. പിന്നെ അതിന്റെ പ്രഭാവം വളരെ സമയമുണ്ടാകുന്നു. ബുദ്ധിക്ക് പൂട്ടിട്ടതുപോലെയാകുന്നു. ഇപ്പോൾ ബാബ പറയുകയാണ് മായ മറപ്പിക്കാൻ വളരെയധികം പരിശ്രമിക്കും. എന്നാൽ നിങ്ങൾ മറക്കരുത്, എത്രയും നിങ്ങൾ എന്നെ ഓർമ്മിക്കുന്നുവോ അത്രയും സമ്പത്തും ബുദ്ധിയിൽ വരും ഉയർന്ന പദവിയും പ്രാപ്തമാകും. അച്ഛന്റെ സമ്പത്തിനെ ഓർമ്മിക്കാത്ത ഒരു കുട്ടിപോലുമുണ്ടാകുകയില്ല. സമ്പത്ത് കുട്ടിയിൽ നിന്ന് ഒളിഞ്ഞിരിക്കുകയില്ല. നിങ്ങളും മനസ്സിലാക്കുകയാണ് നമുക്ക് വിശ്വത്തിന്റെ രാജ്യപദവി എടുക്കാൻ കഴിയും, നമ്പർവാർ പുരുഷാർത്ഥമനുസരിച്ച്. എല്ലാവരും ഒരേപോലെയുള്ള പദവിയിലായിരിക്കുകയില്ല. ഇപ്പോൾ രാജധാനി സ്ഥാപനമായിക്കൊണ്ടിരിക്കുകയാണ്, പിന്നീട് വരുന്നവരൊന്നും (ധർമ്മ സ്ഥാപകർ) രാജധാനി സ്ഥാപനചെയ്യുന്നില്ല. ഇങ്ങിനെയും പറയുകയില്ല അവർ രാവണന്റ രാജ്യത്താണ് വരുന്നതെന്ന്. രാവണന്റെ ബന്ധം ഭാരതവുമായിട്ടാണ്. ഇവിടെത്തന്നെയാണ് രാവണനെ കത്തിക്കുന്നത്, മറ്റുള്ളിടത്തൊന്നും രാവണനെ കത്തിക്കാറില്ല. അരക്കല്പത്തിനു ശേഷമാണ് രാവണരാജ്യം വരുന്നത്. തീർച്ചയായും സൂര്യവംശീ–ചന്ദ്രവംശികളിൽ നിന്നു തന്നെയായിരിക്കും ഇസ്ലാം ധർമ്മവും ഉണ്ടായത്. ഒരു ധർമ്മത്തിൽ നിന്നുതന്നെയാണ് മറ്റ് ശാഖകൾ ഉത്ഭവിക്കുന്നത്. അല്ലാതെ ആ ധർമ്മം തുടങ്ങിയ

പ്പോൾ അവിടെ രാവണരാജ്യമായിരുന്നു എന്നല്ല. അല്ല, രാവണൻ പിന്നീടാണ് വരുന്നത്. ബാബയാണെങ്കിൽ വന്ന് രാജധാനി സ്ഥാപിക്കുകയാണ്. അവരെല്ലാം, ചിലർ കാൽഭാഗമാകുമ്പോൾ, ചിലർ പകുതിയാകുമ്പോഴാണ് വരുന്നത്. സതോപ്രധാനത്തിൽ നിന്ന് തമോപ്രധാനമാകുന്നു. അവരെ സംബന്ധിച്ചിടത്തോളം കുറച്ചുകാലത്തെ സുഖവും വളരെക്കാലത്തെ ദുഃഖവുമാണ്. ബാബ ഡ്രാമയുടെ ഈ രഹസ്യവും പറഞ്ഞുതരികയാണ്. ആദ്യം പാവനമായിരുന്നു, പിന്നീടാണ് പതിതമായി മാറിയത്. ആദ്യം ഒരേയൊരു ദേവതാ ധർമ്മം മാത്രമേയുണ്ടായിരുന്നുള്ളൂ, ശേഷം മറ്റു ധർമ്മങ്ങൾ വൃദ്ധി പ്രാപിക്കുന്നു. ദേവതകൾ സ്വയം തന്നെ ഹിന്ദുക്കളായിമാറുന്നു, പിന്നീട് വളരെ വളരെ ശാഖോപശാഖകളുണ്ടാകുന്നു. ഒരോരുത്തരും തന്റെ ധർമ്മ സ്ഥാപകരുടെ പിന്നാലെ പോകുന്നു. ദേവതാ ധർമ്മം പ്രായലോപമായിരിക്കുകയാണ്. വാസ്തവത്തിൽ എല്ലാവരും ദേവതാ ധർമ്മത്തിൽ പെട്ടവരാണ്, എന്നാൽ സ്വയം ദേവതയെന്ന് പറയാൻ കഴിയുകയില്ല കാരണം അപവിത്രമാണ്. പവിത്രതയില്ലാതെ സ്വയത്തെ ദേവതയെന്നു പറയുന്നത് നിയമവിരുദ്ധമാണ്. ആരാണോ ദേവതകളായിരുന്നത്, അവർ തന്നെയാണ് പിന്നീട് ക്ഷത്രിയർ, പിന്നെ വൈശ്യ-ശൂദ്രരായി മാറുന്നത്. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരായിരിക്കുകയാണ്. മറ്റുധർമ്മത്തിൽപ്പെട്ടവർക്ക് ഇത് മനസ്സിലാകുകയില്ല. ദേവതാ ധർമ്മത്തിൽപ്പെട്ടവരേ ഇവിടെ വരികയുള്ളൂ, ബാക്കിയുള്ളവരെല്ലാം പിന്നീട് വരാൻ തുടങ്ങും. മുന്നോട്ട് പോകവെ വളരെയധികം വൃദ്ധിപ്രാപിക്കും. മുഖവംശാവലിയുടെ വൃദ്ധിയുണ്ടാകുന്നു. പ്രജാപിതാ ബ്രഹ്മാവ്, ബ്രാഹ്മണ ധർമ്മം ഇപ്പോൾ സ്ഥാപന ചെയ്യുന്നു. പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ തീർച്ചയായും ബ്രഹ്മാകുമാരന്മാരും കുമാരികളുമാകുമല്ലോ. ബ്രാഹ്മണ ധർമ്മത്തിൽപ്പെട്ടവർ തന്നെയാണ് ദേവതകളാകുന്നത്. വളരെയധികം പേർ വന്ന് ഈ ജ്ഞാനമെടുക്കും.

നിങ്ങൾ സൂര്യവംശീ രാജധാനിയിൽ വരുന്നതിനുവേണ്ടി പുരാഷാർത്ഥം ചെയ്യുകയാണ്. ഇതിൽ മുഖ്യമായത് 8 പേരാണ്, ബാക്കി വൃദ്ധിയുണ്ടാകുന്നു. ആരാണോ മമ്മാ-ബാബയുടേതാകുന്നത്, കുറച്ച് കേട്ടാൽ അവർ വരും. പ്രദർശിനികളിൽ വളരെയധികം പേർ വരുന്നു. അതിൽ നിന്ന് നല്ലവണ്ണം പുരുഷാർത്ഥം ചെയ്യുന്നവർ ബാബയുടേതായി മാറുന്നു. ഒന്നാമതായി ബാബയുടെ പരിചയം തീർച്ചയായും വേണം. ബാബയെ മനസ്സിലാക്കിയാൽ പിന്നെ ലിംഗരൂപമെന്നു പറയുന്നവരും ജ്യോതിസ്വരൂപമെന്നു പറയുന്നവരുമെല്ലാം, ബ്രഹ്മ-മഹാതത്വത്തെ ഭഗവാനെന്നു പറയുകയില്ല. പരമപിതാ പരമാത്മാവ് നോളേജ്ഫുള്ളാണ്, ബ്രഹ്മം നോളേജ്ഫുൾ ആണോ? നിങ്ങൾ ചോദിക്കുകയാണ് ആത്മാവിന്റ രൂപമെന്താണ്? അപ്പോൾ പറയുന്നു ലിംഗ രൂപമാണ്, എന്തുകൊണ്ടെന്നാൽ ലിംഗരൂപത്തിന്റെയാണ് പൂജ നടക്കുന്നത്. നക്ഷത്രത്തിന്റെ പൂജ എവിടെയുമില്ല. അറിയാത്തതുകാരണം എന്തെങ്കിലുമൊക്കെ ഉണ്ടാക്കിവെക്കുന്നു. കല്ലിലും മുള്ളിലുമെല്ലാം ഭഗവാനാണെന്നു പറയുന്നു. ബാബ പറഞ്ഞുതരികയാണ് ആത്മാവ് നക്ഷത്രരൂപമാണ്, ആത്മാക്കളുടെ ഒന്നിച്ചുള്ള കൂട്ടവും കാണാൻ കഴിയും. എല്ലാവരും ഒന്നിച്ച് തിരിച്ചു പോകുമ്പോൾ വലിയ കൂട്ടമായിരിക്കുമല്ലോ. ഇതിനെയാണ് പറയുന്നത് സൂക്ഷ്മത്തിലും സൂക്ഷ്മമെന്ന്. സാക്ഷാൽക്കാരം കൊണ്ട് ഒന്നും മനസ്സിലാക്കാൻ കഴിയുകയില്ല. വിചാരിക്കൂ, ആർക്കെങ്കിലും ശിവന്റെയൊ, ബ്രഹ്മാ-വിഷ്ണു-ശങ്കരന്റെയോ സാക്ഷാൽക്കാരം തന്നെയുണ്ടായി, എന്നാൽ ഇതുകൊണ്ട് യതൊരു പ്രയോജനവുമില്ല. ഇവിടെ സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തെ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇത് പഠനമാണ്. പരമാത്മാവും ഒരു നക്ഷത്രമാണ്. നോക്കൂ, ഇത്രയും ചെറിയ വസ്തുവിന് എത്ര മഹിമയാണ്, ജ്ഞാന സാഗരനാണ്, പ്രേമ സാഗരനാണ്, സുഖ സാഗരനാണ്, അദ്ദേഹം തന്നെയാണ് മുഴുവൻ കാര്യവും ചെയ്യുന്നത്. ഇതിനെയാണ് പറയുന്നത് -ഗുഹ്യത്തിലും ഗുഹ്യമായ കാര്യങ്ങളാണെന്ന്.

ബാബായെന്നു പറയുമ്പോൾ സ്വർഗ്ഗത്തിന്റെ രചയിതാവാണെന്ന് ബുദ്ധിയിൽ തീർച്ചയായും വരണം. പറയുന്നുമുണ്ട് ഭഗവാൻ എവിടെയെങ്കിലുമൊക്കെ വന്നിട്ടുണ്ട്. ഗീതയുടെ ഭഗവാൻ ശ്രീകൃഷ്ണനാണെങ്കിൽ ആ ശരീരധാരിക്ക് എവിടെയും ഒളിച്ചിരിക്കാൻ കഴിയുകയില്ല. ഇതെല്ലാം വളരെ ഗുഹ്യമായ കാര്യങ്ങളാണ്. ഒരിക്കലും കേട്ടിട്ടുപോലുമില്ല പരമപിതാ പരമാത്മാവ് എന്തു വസ്തുവാണെന്ന്, ആത്മാവ് എന്താണെന്ന്. വെറുതെ പറയുക മാത്രം ചെയ്യുകയാണ് മസ്തക മദ്ധ്യത്തിൽ തിളങ്ങുന്ന വിചിത്രമായ നക്ഷത്രമെന്ന്. പിന്നീട് അതിനെ പരമപിതാ പരമാത്മാവെന്നു പറയുന്നു. ആത്മാവും പരമാത്മാവും തമ്മിൽ രൂപത്തിൽ വ്യത്യാസമൊന്നുമില്ല. എന്താ പരമാത്മാവ് ഏതെങ്കിലും ഭാരിച്ച വസ്തുവോ അതോ വളരെ വലിയ പ്രകാശമോ ആണോ? അല്ല, അദ്ദേഹം നോളേജ്ഫുള്ളാണ്. ഗതി-സദ്ഗതിക്കുള്ള ജ്ഞാനം നൽകുന്നു, അതുകൊണ്ട് ജ്ഞാന സാഗരനാണ്. ഇപ്പോൾ ജ്ഞാനസാഗരനെന്ന് പരമപിതാ പരമാത്മാവിനെ പറയുമോ അതോ രാവണ മതപ്രകാരം നടക്കുന്ന മനുഷ്യനെപ്പറയുമോ? ബാബ പറയുകയാണ് ഞാൻ അധികാരിയാണ്, ബാക്കി ഈ കാണുന്നതെല്ലാം ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. ബ്രഹ്മാവിന്റെ കൈകളിൽ ശാസ്ത്രങ്ങളെക്കാണിക്കുന്നു. എന്നാൽ ബ്രഹ്മാവാരാണെന്നു പോലും അറിയുകയില്ല. ബാബ പറയുകയാണ് ഞാൻ മുമ്പെയും പറഞ്ഞിട്ടുണ്ട് - ഞാൻ സാധാരണ വൃദ്ധ ശരീരത്തിലാണ്

വരുന്നത്. ഈ നന്ദീഗണത്തിലൂടെ ജ്ഞാനം കേൾപ്പിക്കുകയാണ്. മനഷ്യർ ഭഗീരഥനെയും കാണിക്കുന്നുണ്ട്, ഗോമുഖത്തേയും കാണിക്കുന്നു. ഭഗീരഥനിൽ നിന്നും ഗംഗ, കാളയിൽ നിന്നും ഗംഗ ഉത്ഭവിക്കുന്നതായി കാണിക്കുന്നു. സത്യമെന്താണെന്ന് മനസ്സിലാക്കുന്നില്ല. എന്താ കാളയിൽ നിന്ന് ഗംഗ ഉത്ഭവിക്കുമോ? ഗോമുഖം കാണിക്കുകയാണെങ്കിൽ പശുവാകേണ്ടിയിരുന്നു. നന്ദീഗണത്തിനെ കാളയായാണ് കാണിക്കുന്നത്, ഇദ്ദേഹം പുരുഷനാണെന്നുള്ളത് ശരിയാണ്. മനുഷ്യനാണ്. പശു എന്ന് പറഞ്ഞാൽ, അതും മാതാവാണല്ലോ. ഈ കാര്യങ്ങളെല്ലാം മനുഷ്യർ മറന്നിരിക്കുകയാണ്, സത്യമൊന്നും പറയുന്നില്ല. ബ്രഹ്മാവിലൂടെ സൂര്യവംശീ രാജ്യത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഇവിടെ ഒരു രാജ ഭരണമൊന്നുമില്ല. ഇത് പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത രാജ്യം തരികയാണ്. പഠനം കൊണ്ടാണ് സൂര്യവംശി–ചന്ദ്രവംശി രാജ്യത്തിൽ വരുന്നത്, അവരുടെ ബുദ്ധിയിലേ ഈ കാര്യങ്ങൾ ഇരിക്കുകയുള്ളൂ. ആദ്യമായി ഈ നിശ്ചയം വേണം ശിവബാബ തന്നെയാണ് നമ്മെ കൂടെക്കൊണ്ടുപോകുക. ഒരു ഗുരുവിനോ സന്യാസിക്കോ ഇങ്ങിനെ പറയാനുള്ള ശക്തിയില്ല. പതിത പാവനൻ ഒരേയൊരു ബാബയാണ്, അദ്ദേഹത്തെത്തന്നെയാണ് ഓർമ്മിക്കുന്നത്, പാവനമാക്കി മാറ്റാൻ. പുതിയതിൽ നിന്ന് പഴയത്, പഴയതിൽ നിന്ന് പുതിയത് – ഇത് നടക്കുക തന്നെ വേണം. പരമപിതാ പരമാത്മാവിനല്ലാതെ പാവനമായ ലോകം ആർക്കും സ്ഥാപിക്കാൻ കഴിയുകയില്ല. ബാബയിൽ നിന്നുതന്നെയാണ് സൂര്യവംശീ–ചന്ദ്രവംശി രാജ്യത്തിന്റെ സമ്പത്ത് ലഭിക്കുന്നത്. ഇവിടെയിപ്പോൾ ഒരു രാജ്യഭരണവുമില്ല. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. മനുഷ്യർ കരുതുകയാണ് ശാസ്ത്രം ശരിയാണ്, എന്തുകൊണ്ടെന്നാൽ ഭഗവാനാണ് ഉണ്ടാക്കിയത്. അവർക്കിതറിയുകയില്ല ഭഗവാൻ മനുഷ്യ ശരീരത്തിൽ വന്നാണ് ഗീത കേൾപ്പിച്ചത്, അതിന് കൃഷ്ണന്റെ പേര് നൽകിയിരിക്കുകയാണെന്ന്. ഈ തെറ്റ് ആദ്യമായി ബുദ്ധിയിൽ നിന്ന് പോകണം. ഒന്നാമതായി ശിവബാബയെ മനസ്സിലാക്കണം, അപ്പോൾ അറിയും അദ്ദേഹമാണ് സ്വർഗ്ഗത്തിന്റെ സ്ഥാപകൻ. അറിയാത്തതുകാരണം അന്യോന്യം വഴക്കടിച്ചുകൊണ്ടിരിക്കുകയാണ്. ബാബ പറയും നിങ്ങൾ സ്വർഗ്ഗത്തിൽ ഉയർന്ന പദവിക്ക് യോഗ്യരല്ല. ദേവീകഗുണങ്ങളുള്ളവരല്ല, ധാരണയില്ലായെങ്കിൽ തീർച്ചയായും വികാരങ്ങളുണ്ടാകും. ശരി, വൃദ്ധരായിരിക്കാം, എന്നാലും അവരിലും ക്രോധമുണ്ടാകുമല്ലോ? ക്രോധത്തിന് വയസ്സാകുന്നില്ല. ഇന്നാണെങ്കിൽ വൃദ്ധരും വികാരത്തിൽ പോകുന്നു. ബാബ പറയുകയാണ് – കാമം മഹാശത്രുവാണ്, എന്നാൽ മനഷ്യർക്കത് മിത്രമാണ്. നോക്കൂ, വികാരത്തിനുവേണ്ടി എത്രയാണ് ശല്യപ്പെടുത്തുന്നത്. രാവണൻ എല്ലാവരുടേയും മിത്രമാണ്. വിഷത്തിൽ നിന്ന് ഉണ്ടായവരാണല്ലോ. വിഷത്തിൽ നിന്നുണ്ടായവർ അർത്ഥം രാവണന്റെ മക്കൾ. മനഷ്യർ ഇത് മനസ്സിലാക്കുന്നില്ല. ബാബയുടെ ശ്രീമതപ്രകാരം നടന്നാൽ മാത്രമേ സൽപുത്രരെന്നു പറയൂ. വികർമ്മങ്ങളുണ്ടാകുകയാണെങ്കിൽ ഉടനെത്തന്നെ അത് മനസ്സിലാക്കിക്കൊടുക്കുന്നു. വളരെ പേരിലും പല സ്വഭാവങ്ങളുമുണ്ട് – കള്ളം പറയുന്നതിന്റെ, മോഷ്ടിക്കുന്നതിന്റെ, യാചിക്കുന്നതിന്റെ. ബാബ പറയുകയാണ്, ഞാൻ ദാതാവാണ്, നിങ്ങളെന്തിന് മറ്റുള്ളവരോട് ഇരക്കണം. ആർക്കാണോ ഇൻഷ്വർ ചെയ്യേണ്ടത് അവർ സ്വയം തന്നെ ചെയ്യും. ഒരിക്കലും യാചിക്കരുത്. ഇന്ന് ബാബയുടെ ജന്മദിനമാണ്, എന്തെങ്കിലുമൊക്കെ കൊടുത്തയക്കൂ, ഇങ്ങിനെ യാചിക്കരുത്. മനസ്സിലാക്കിക്കൊടുക്കണം ഇൻഷ്വർ ചെയ്യണമെങ്കിൽ ചെയ്യൂ. ഭക്തി മാർഗ്ഗത്തിൽ മനുഷ്യർ സ്വയത്തെ ഈശ്വരന്റെ പക്കൽ ഇൻഷ്വർ ചെയ്യാറുണ്ട്, ഇതിനെ ദാനമെന്നാണ് പറയാറ്. ഇതിന്റെ ഫലം ബാബ നൽകുന്നു. അത് പരിധിയുള്ള ഇൻഷ്വറൻസാണ്, ഇത് പരിധിയില്ലാത്ത ഇൻഷ്വറൻസാണ്. ഭക്തിമാർഗ്ഗത്തിൽ പറഞ്ഞു വരികയാണ്, ഇത് പരംപിതാ പരമാത്മാവ് എന്റെ ഭക്തിയുടെ ഫലം നൽകിയതാണ്. ധനികരാണെങ്കിൽ പറയും ഇത് മുൻജന്മ കർമ്മ ഫലമാണെന്ന്. ചിലർ ദിരദ്രരാണ് എന്തുകൊണ്ടെന്നാൽ ഇൻഷ്വർ ചെയ്തില്ല, ധനവും ലഭിച്ചില്ല. ബാബ പറയുകയാണ് എല്ലാവരും എന്റെ പക്കലാണ് ഇൻഷ്വർ ചെയ്യുന്നത്. എല്ലാവരും പറയുന്നല്ലോ, ഇത് ഭഗവൻ നൽകിയാതാണെന്ന്. ഭക്തിയിൽ നിങ്ങൾ പരിധിയുള്ള ഇൻഷ്വറൻസാണ് ചെയ്യുന്നത്, ഇപ്പോൾ നേരിട്ട് പരിധിയില്ലാത്ത ഇൻഷ്വറൻസാണ് ചെയ്യുന്നത്. നോക്കൂ, മാതാ–പിതാവ് ഇൻഷ്വർ ചെയ്തിട്ടുണ്ട്, അതിന്റെ ഫലമായി എന്താണ് ലഭിക്കുന്നത്. കന്യകമാരുടെ പക്കൽ പണമുണ്ടാകുകയില്ല. അവർ ഈ സേവനത്തിൽ മുഴുകുകയാണെങ്കിൽ, ഏറ്റവും ഉയരത്തിൽ പോകാൻ കഴിയും. മമ്മ ഒന്നും തന്നെ ഇൻഷ്വർ ചെയ്തില്ല. ശരീരം ഈ സേവനത്തിനു നൽകി, എത്ര ഉയർന്ന പദവിയാണ് ലഭിക്കുന്നത്. ആത്മാവിനറിയാം ഞാൻ ഈ ശരീരം കൊണ്ട് പരിധില്ലാത്ത ബാബയുടെ സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. ജഗദംബയുടെ എത്ര ഉയർന്ന പദവിയാണ്. ജഗദംബ, ജ്ഞാന ജ്ഞാനേശ്വരി പിന്നീട് രാജ രാജേശ്വരിയായി മാറുന്നു. ഈ കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികൾക്കു മാത്രമേ അറിയുകയുള്ളൂ. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. സൽപുത്രരായി മാറുന്നതിന് ബാബയുടെ ശ്രീമത പ്രകാരം നടക്കണം. ഏതെല്ലാം ചീത്ത സ്വഭാവങ്ങളുണ്ടോ -യാചിക്കുന്നതിന്റെ, മോഷ്ടിക്കുന്നതിന്റെ, കള്ളം പറയുന്നതിന്റെ, എല്ലാം തന്നെ ഉപേക്ഷിക്കണം.

2. തന്റെ സർവ്വതും ബാബയുടെ പക്കൽ ഇൻഷ്വർ ചെയ്യണം. ശരീരവും ഈശ്വരീയ സേവനത്തിലുപയോഗിക്കണം. ഒരു കാരണവശാലും മായയുടെ പ്രവേശതയില്ലാതിരിക്കാൻ ശ്രദ്ധവെക്കണം.

## വരദാനം:-സദാ ഓരോ കർമ്മത്തിലും ആത്മീയ ലഹരിയുടെ അനുഭവം ചെയ്യുകയും ചെയ്യിക്കുകയും ചെയ്യുന്ന ഭാഗ്യശാലികളായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ താങ്കൾ കുട്ടികൾ ഏറ്റവും കൂടുതൽ ഭാഗ്യശാലികളാണ്, എന്തുകൊണ്ടെന്നാൽ സ്വയം ഭഗവാൻ നിങ്ങളെ ഇഷ്ടപ്പെട്ടു. പരിധിയില്ലാത്ത അധികാരിയായി മാറി. ഭഗവാന്റെ നിഘണ്ഡുവിൽ ''ആര് ആരാണ്'' (ഹു ഈസ് ഹു) എന്നതിൽ താങ്കളുടെ പേരുണ്ട്. പരിധിയില്ലാത്ത അച്ഛനെ ലഭിച്ചു, പരിധിയില്ലാത്ത രാജ്യഭാഗ്യം ലഭിച്ചു, പരിധിയില്ലാത്ത ഖജനാവ് ലഭിച്ചു.....ഈ ലഹരി സദാ ഇരിക്കുകയാണെങ്കിൽ അതീന്ദ്രിയ സുഖത്തിന്റെ അനുഭവം ഉണ്ടായിക്കൊണ്ടേയിരിക്കും. ഇതാണ് പരിധിയില്ലാത്ത ആത്മീയ ലഹരി, ഇതിന്റെ അനുഭവം ചെയ്തുകൊണ്ടും ചെയ്യിച്ചുകൊണ്ടുമിരിക്കൂ, അപ്പോൾ പറയാം ഭാഗ്യശാലിയെന്ന്.

## സ്ലോഗൻ:-സാധനങ്ങളെ സേവനത്തിന് വേണ്ടി ഉപയോഗിച്ചോളൂ, വിശ്രമപ്രിയരായി മാറുന്നതിന് വേണ്ടിയല്ല.